പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5493

27-03-2018 ൽ മറുപടിക്ക്

**കരുനാഗപ്പള്ളി മണ്ഡലത്തിലെ മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികൾ**

ചോദ്യം

**ശ്രീ. ആർ. രാമചന്ദ്രൻ**

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ)<br><br><br><br><br>(ബി) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ മണ്ണ് സംരക്ഷണ വുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടക്കുന്നതെന്ന് വിശദീകരിക്കുമോ;<br><br>പ്രസ്തുത പദ്ധതികളുടെ വിലയിരുത്തൽ നടത്താൻ നടപടി സ്വീകരിക്കുമോ; ഈ പദ്ധതികൾ മുഖേന ഏതെല്ലാം പ്രദേശത്തെ കാർഷിക പുരോഗതി ലക്ഷ്യമിടുന്നു എന്ന് വ്യക്തമാക്കുമോ? | (എ)<br>യും<br>(ബി)<br>യും<br>(ബി) | കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട കെ.എൽ.ഡി.സി മുഖേന ആർ.ഐ.ഡി.എഫ് 20 -ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ തഴവ പഞ്ചായത്തിലെ ചുരുളി ഏലായുടെ പ്രവർത്തികൾ ഇപ്പോൾ നടന്നുവരുന്നു. ടി പണികളുടെ 50% പണികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ ആർ.ഐ.ഡി.എഫ് 22-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കരുനാഗപ്പള്ളിയിലെ തിരുർ പാടത്തിന്റെയും ഓച്ചിറ പഞ്ചായത്തിലെ മുണ്ടകൻ പാടത്തിന്റെയും അടിസ്ഥാന വികസന പ്രവൃത്തികളുടെ പദ്ധതി റിപ്പോർട്ടുകൾ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്കു വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ ചില മാറ്റങ്ങൾ ശുപാർശ ചെയ്തിരുന്നു. അതിൻപ്രകാരം തയ്യാറാക്കിയ റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ടുകൾ പരിശോധിച്ചു വരുന്നു.<br>കരുനാഗപ്പള്ളി തഴവ പഞ്ചായത്തിലെ കട്ടുത്തുകഴി ഏലായുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ധനസഹായം RKVY മുഖേന ലഭ്യമാക്കുന്നതിനായി പ്രസ്തുത പ്രവൃത്തിയുടെ പ്രോജക്ട് കെ.എൽ.ഡി.സി സമർപ്പിച്ചിട്ടുണ്ട്. 09-04-2018- ന് ചേരുവാൻ തീരുമാനിച്ചിട്ടുള്ള എസ്. എൽ.എസ്.സി യുടെ അംഗീകാരത്തിനായി പ്രസ്തുത പ്രോജക്ട് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ